(ബി) കശുവണ്ടിത്തോട്ട വികസനത്തിന്റെ ഭാഗമായി പാഴ് സ്ഥലങ്ങളിൽ കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുന്നതിനും പ്രായമായതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റി ഉൽപ്പാദനശേഷിയുള്ള പുതിയ ഇനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സമഗ്ര കശുമാവു കൃഷി വികസന പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു. ഈ സാമ്പത്തിക വർഷം 600 ഹെക്ടർ സ്ഥലത്ത് കശുമാവ്കൃഷി വികസിപ്പിക്കുന്നതിനും 1310 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

നികുതി നിർണ്ണയ സംവിധാനത്തിന്റെ പ്രവർത്തനം

*6 [322] ശ്രീ. കെ. കെ. ജയചന്ദ്രൻ:

„ ടി. കെ. ബാലൻ:

„ കെ. വി. കുഞ്ഞിരാമൻ:

„ പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി നിർണ്ണയം കൃത്യമായി നടത്തുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും വിൽപ്പന നികുതി വകുപ്പിൽ പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം ഫലപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കുറവായ നികുതി ചുമത്തലിന്റെ ഫലമായി 2002-2003-ൽ 518.74 കോടി രൂപയുടെ നഷ്ട മുണ്ടായതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം കുറവായ നികുതി ചുമത്തി കോടിക്കണക്കിന് രൂപ നഷ്ട പ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നികുതി വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ നികുതി വെട്ടിപ്പ് ഏറെക്കുറെ ഫലപ്രദമായി തടയുന്നതിന് സഹായിക്കുന്നുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2002-2003-ലെ റിപ്പോർട്ടിൽ നികുതി ചുമത്തുന്നതിലുണ്ടായ അപാകതമൂലം വിൽപ്പന നികുതി ഇനത്തിൽ 43.08 കോടി രൂപയുടെയും, കാർഷികാദായ നികുതി ഇനത്തിൽ 9.44 കോടി രൂപയുടെയും നഷ്ടം ഉണ്ടായതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതേക്കുറിച്ച് പരിശോധന നടത്തിവരികയാണ്.

(ഡി) വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ††

ദേശീയ സമ്പാദ്യ പദ്ധതി വിപുലമാക്കാൻ നടപടി

*7 [323] ശ്രീ. തോമസ് ചാഴികാടൻ:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വിപുലമാക്കാൻ സർക്കാരിനുദ്ദേശമുണ്ടോ;

(ബി) നടപ്പു സാമ്പത്തിക വർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ദേശീയ സമ്പാദ്യ പദ്ധതിയിൽ പണസമാഹരണവുമായി ബന്ധപ്പെട്ട് പോസ്റ്റാഫീസുകളുടെ സഹകരണം വേണ്ടത്ര ലഭിക്കുന്നുണ്ടോ; ഇവരുടെ നിസ്സഹകരണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പോസ്റ്റാഫീസ് ജീവനക്കാരുടെ സേവനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സമാഹരണം ആകർഷകമാക്കാൻ പുതിയ പദ്ധതി നടപ്പാക്കുമോ;

(എഫ്) ഏതെങ്കിലും ജില്ലകളിൽ സമാഹരണം ഊർജ്ജിതമല്ലായെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ജി) പണ സമാഹരണം ഊർജ്ജിതമല്ലാത്ത ജില്ലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഉണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം (2004-2005) 2500 കോടി രൂപ മിച്ച നിക്ഷേപമായി സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

---

†† അനുബന്ധം III എ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം നമ്പർ *6 (322) കാണുക]

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ചരക്കുകളെ സംബന്ധിച്ച് ചെക്ക്പോസ്റ്റുകളിൽ നൽകുന്ന ഡിക്ലറേഷനുകൾ യഥാസമയം അവിടെനിന്ന് അതാത് ഡെപ്യൂട്ടി കമ്മീഷണറാഫീസിലേക്കും അവിടെ നിന്നും ബന്ധപ്പെട്ട വിൽപ്പന നികുതി ഓഫീസിലേക്ക് അയക്കുകയും ബന്ധപ്പെട്ട വിൽപ്പന നികുതി ഉദ്യോഗസ്ഥർ നികുതി നിർണ്ണയ സമയത്തും റിട്ടേണുകൾ സമർപ്പിക്കുന്ന അവസരത്തിലും ഈ ഡിക്ലറേഷനുകളിൽ പറയുന്ന ചരക്കുകളുടെ വിശദവിവരങ്ങൾ വ്യാപാരിയുടെ അക്കൗണ്ടുകളിൽ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്. കണക്കിൽപ്പെടാത്ത കേസുകളിൽ പിഴ ഇടുകയും, അസസ്മെന്റ് നടത്തുമ്പോൾ അധികമായി നികുതി ചുമത്തുകയും ചെയ്യാറുണ്ട്. നികുതി വകുപ്പിൽ പുതുതായി രൂപീകരിച്ചിട്ടുള്ള വാണിജ്യ ഇൻവെസ്റ്റിഗേഷൻ വിഭാഗവും, ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ വിഭാഗവും, റെയിൽവെ, പാഴ്സൽ, വിമാനം, കപ്പൽ തുടങ്ങിയവയിലൂടെ കൊണ്ടുവരുന്ന ചരക്കുകൾ യഥാവിധി കണക്കുകളിൽ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് നികുതി നിർണ്ണയ ഉദ്യോഗസ്ഥർക്ക് യഥാസമയം നൽകാറുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് അവ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. നികുതി വകുപ്പിലെ ഇന്റലിജൻസ് സ്ക്വാഡുകൾ 24 മണിക്കൂറും നികുതി വെട്ടിപ്പ് തടയുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. സംസ്ഥാനമൊട്ടാകെ രൂപീകരിച്ചിട്ടുള്ള ഇത്തരം സ്ക്വാഡുകൾ ബന്ധപ്പെട്ട് രേഖകളില്ലാതെ കടത്തപ്പെടുന്ന ചരക്കുകൾ പിടിച്ചെടുക്കുകയും, അവയ്ക്ക് പിഴ, സെക്യൂരിറ്റി തുടങ്ങിയവ ചുമത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് കർശനമായി തടയുന്നതിന് റെയിൽവെ, പാഴ്സൽ സർവ്വീസ് തുടങ്ങിയവ മുഖേന വരുന്ന സാധനങ്ങൾ യഥാസമയം പരിശോധിച്ച് നികുതി വെട്ടിപ്പുകാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചും വരുന്നു. റോഡുകളിലും ഇടവഴികളിലും കൂടി കള്ളക്കടത്തും നികുതി വെട്ടിപ്പും നടത്തുന്നത് തടയുന്നതിനായി താൽക്കാലിക ചെക്ക് പോസ്റ്റുകളും മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

അനുബന്ധം III (എ)

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *6 (322) കാണുക]

V. R. Raman Namboodiri	..	IAC
M. G. Shaji	..	STO
T. Kesavan	..	AC
Antony Joseph	..	STO
M. T. Muraleedharan	..	IAC
K. Sasikumar	..	IAC

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III (എ)—(തുടർച്ച)

M. Raveendran	..	STO
K. S. Danesan	..	STO
V. J. Mathew	..	STO
V. J. Mathew	..	STO
M. G. Shani	..	STO
E. K. Eliyas	..	STO
V. R. Raman Namboodiri	..	IAC
Jagadamma	..	AC
K. Thulassi Bai	..	AC
A. Mooney	..	Addl. AAC
K. C. Dominic	..	IAC (I)
T. P. Santhamma	..	AITO
R. K. Sasidharan	..	AC
P. Padmakumar	..	IAC (I)
K. R. Ramachandran Pilla	..	AC
M. V. Sivadasan	..	STO
P. Kesavan	..	AC
C. D. Reghu	..	AC
M. V. Rajan	..	STO
K. P. Rajan	..	AC

അനുബന്ധം IV

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം *18 (334) കാണുക.]

1. വിവിധ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. വിവിധ ത്രിതല പഞ്ചായത്ത് കാർഷിക പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു.

3. വിവിധ വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

4. വിവിധ കാർഷിക ഉൽപാദനോപാധികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. ഉൽപ്പാദന ഉപാധികൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly